പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757 — 12.12.2012-ലെ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിൽ ലാബ് സൗകര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും നിലവിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br><br>ബി) ലബോറട്ടറിയിലെ പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവയെ നവീകരിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | എ) & ബി) | സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും രോഗനിർണ്ണയം നടത്തുന്നതിന് ലബോറട്ടറികൾ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 'ജില്ല/താലൂക്ക്/ സി.എച്ച്.സി ലാബുകളിൽ ഡയഗ്നോസ്റ്റിക് സംവിധാനം ശക്തിപ്പെടുത്തൽ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ വിഹിതമായി 1450 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 250 ലക്ഷം രൂപയും ഉൾപ്പെടുത്തി 1700 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. സമയോചിതമായ ആരോഗ്യ പരിപാലനത്തിന് മികച്ച രോഗ നിർണ്ണയ രീതികൾ നടപ്പിലാക്കുന്നതിന് രോഗനിർണ്ണയ കിറ്റുകൾ നല്കി സാംക്രമിക രോഗങ്ങളുടെ ചികിത്സയും, നിയന്ത്രണവും ത്വരിതപ്പെടുത്തുന്നതിനും ആശുപത്രികളിൽ രോഗനിർണ്ണയ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായിട്ടാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ